LIBRARY ARCHIVES Kerala Legislative Assembly

മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ഇളവുകൾ

124 [883] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരായ ദമ്പതിമാരുടെ മക്കൾക്ക് മാതാവിന്റെയോ പിതാവിന്റെയോ ജാതിയും മതവും സ്വീകരിക്കുവാനും അതനുസരിച്ച് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മാതാവോ പിതാവോ സംവരണാനുകൂല്യമുള്ള ജാതി/മത വിഭാഗത്തിൽപ്പെട്ടവരായാൽ അതുപ്രകാരം അവരുടെ മക്കൾക്കും പഠനാനുകൂല്യങ്ങളും ജോലി സംവരണാനുകൂല്യങ്ങളും മുൻകാലങ്ങളിൽ ലഭിച്ചിരുന്നതുപോലെ ലഭ്യമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണഘടനാപരവും നിയമപരവുമായ വ്യവസ്ഥകൾ പ്രകാരം മിശ്രവിവാഹിതരുടെ സന്താനങ്ങൾക്ക് സ്വതന്ത്രമായി അവരുടെ മാതാവിന്റെയോ പിതാവിന്റെയോ ജാതിസ്വീകരിക്കുവാൻ കഴിയില്ല.

(ബി) മിശ്രവിവാഹിത ദമ്പതികളിലൊരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണെങ്കിൽ അവരുടെ മക്കൾക്ക് പട്ടികവിഭാഗങ്ങൾക്ക് അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. മിശ്രവിവാഹിതരിലൊരാൾ പിന്നോക്ക സമുദായാംഗമാണെങ്കിൽ അവരുടെ കുട്ടികൾക്ക് പിന്നോക്ക സമുദായക്കാർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ ആദിവാസികൾക്ക് ഭൂമി നൽകാൻ നടപടി

125 [885] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ നാലര വർഷക്കാലയളവിൽ എത്ര ആദിവാസികൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) ഇനിയും എത്ര ആദിവാസികൾക്ക് ഭൂമി നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 19 ആദിവാസി കുടുംബങ്ങൾക്ക് 3.18 ഏക്കർ കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്. 50 കുടുംബങ്ങളെ ഒരേക്കർ വീതം ഭൂമി നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ 1140 ഭൂരഹിത പട്ടികവർഗ്ഗക്കാർക്കും ഒരേക്കറിൽ താഴെ ഭൂമിയുള്ള 4483 പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകാൻ ബാക്കിയുണ്ട്.